എരഞ്ഞിപ്പാലം, അരയടത്ത് പാലം ജംഗ്ഷനുകളിൽ ഫ്ളൈഓവർ

143 [1492] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ എരഞ്ഞിപ്പാലം, അരയടത്ത് പാലം തുടങ്ങിയ ജംഗ്ഷനുകളിൽ ഫ്ളൈഓവർ നിർമ്മിക്കാനുള്ള നിർദ്ദേശം ഗവൺമെൻറ് പരിഗണിക്കുന്നുണ്ടോ; എങ്കിൽ അതിൻെറ പ്ലാനും, എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫ്ളൈഓവർ നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് ഏതെങ്കിലും ഏജൻസികളിൽനിന്ന് ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പരിഗണനയിലുണ്ട്. ഇതിൻെറ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി വരുന്നു.

(ബി) സി.ആർ.എഫിൽ നിന്നും ഫണ്ട് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സീപോർട്ട്—എയർപോർട്ട് റോഡിൻെറ നിർമ്മാണം

144 [1493] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീപോർട്ട്—എയർപോർട്ട് റോഡിൻെറ നിർമ്മാണം പൂർത്തിയാക്കുന്നതു സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഈ റോഡിൻെറ നിർമ്മാണം ഫാസ്റ്റ് ട്രാക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) കളമശ്ശേരി മുതൽ നെടുമ്പാശ്ശേരി വരെ റോഡിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ;

(ഇ) റോഡിൻെറ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എയർപോർട്ട് സീപോർട്ട് റോഡിൻെറ ഒന്നാംഘട്ട നിർമ്മാണം കരിങ്ങാച്ചിറ മുതൽ കളമശ്ശേരി എച്ച്. എം. ടി. വരെ പൂർത്തീകരിച്ചു ഗതാഗതത്തിന് ജൂൺ 2003 മുതൽ തുറന്നു കൊടുത്തിട്ടുണ്ട്. രണ്ടാംഘട്ട നിർമ്മാണത്തിനു ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കളമശ്ശേരി മുതൽ നെടുമ്പാശ്ശേരി വരെ റോഡിനു് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിശദ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു:

1. നെടുമ്പാശ്ശേരി വില്ലേജ്: 18-3-2004-ൽ ഡ്രാഫ്റ്റ് ഡിക്ലറേഷൻ പ്രസിദ്ധീകരിക്കുകയും 43 കേസുകളിൽ അവാർഡ് എൻകയറി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

2. ചെങ്ങമനാട് വില്ലേജ്: 26-6-2004-ൽ ഡ്രാഫ്റ്റ് ഡിക്ലറേഷൻ പ്രസിദ്ധീകരിക്കുകയും 12 കേസുകളിൽ ജില്ലാ കളക്ടർ ഡീറെയിൽഡ് വാല്യുവേഷൻ സ്റ്റേറ്റ്മെൻറ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

3. ചൊവ്വര വില്ലേജ്: 26-6-2004-ൽ ഡ്രാഫ്റ്റ് ഡിക്ലറേഷൻ പ്രസിദ്ധീകരിക്കുകയും 12 കേസുകളിൽ ജില്ലാ കളക്ടർ ഡീറെയിൽഡ് വാല്യുവേഷൻ സ്റ്റേറ്റ്മെൻറ് അംഗീകരിച്ചിട്ടുണ്ട്.

4. ആലുവ ഈസ്റ്റ്: 12-11-2004-ൽ ഡ്രാഫ്റ്റ് ഡിക്ലറേഷൻ പ്രസിദ്ധീകരിച്ചു. ഡീറെയിൽഡ് വാല്യുവേഷൻ സ്റ്റേറ്റ്മെൻറ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ലാൻഡ് അക്വിസിഷൻ ഓഫീസിൽ നടന്നു് വരുന്നു.

5. ആലുവ വെസ്റ്റ്: 20-12-2004-ൽ 4(1) വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

6. തൃക്കാക്കര നോർത്ത്: 20-12-2004-ൽ 4(1) വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) ഭൂമി വാങ്ങുന്നതിനും തുടർന്നുള്ള നിർമ്മാണ പ്രവർത്തനത്തിനും ഫണ്ടിൻെറ ദൗർലഭ്യമാണ് കാലതാമസത്തിന് കാരണം.

(ഇ) ഫണ്ടിൻെറ ലഭ്യതയ്ക്കനുസരിച്ച് റോഡിൻെറ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്.

## മണ്ണാർക്കാട്-കുന്തിപ്പുഴ പാലം ബലപ്പെടുത്തുന്നതിനുള്ള നടപടി

145 [1494] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്. 213-ൽ മണ്ണാർക്കാട്-കുന്തിപ്പുഴ പാലം ബലക്ഷയം നേരിടുന്ന കാര്യം സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പാലം ബലപ്പെടുത്തുന്നതിനുള്ള അനുമതിക്കായി സർക്കാർ നടപടി കൈക്കൊള്ളുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) പുതുക്കിപ്പണിയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly